## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1518** **16.03.2015- ൽ മറുപടിക്ക്**

### ഇടുക്കി ജില്ലയിൽ ഒഴിഞ്ഞുകിടക്കുന്ന കൃഷി ഓഫീസർ തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ഇടുക്കി ജില്ലയിൽ കൃഷി ഓഫീസർ (എ) തസ്തിക ഒഴിഞ്ഞ് കിടക്കുന്ന എത്ര കൃഷി ഓഫീസുകൾ ഉണ്ട്; വിശദാംശം നൽകാമോ; | ഇടുക്കി ജില്ലയിൽ വണ്ടിപ്പെരിയാർ സ്റ്റേറ്റ് വെജിറ്റബിൾ ഫാമിലും, വട്ടവട, ഉടുമ്പൻ-ചോല, കരുണാപുരം, പുറപ്പുഴ എന്നീ കൃഷിഭവനകളിലും കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞ് കിടക്കുന്നുണ്ട്. |
| ബി) കൃഷി ഓഫീസർമാർ ഇല്ലാത്തതിനാൽ (ബി) പഞ്ചായത്ത് ജനകീയാസൂത്രണം, കൃഷി വകുപ്പ് എന്നിവ മുഖേന ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം നഷ്ടപ്പെടും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരി-ച്ചിട്ടുണ്ട്; വിശദാംശം നൽകാമോ? | കൃഷി ഓഫീസർമാർ ഇല്ലാത്ത കൃഷി ഭവനുകളുടെ അധിക ചുമതല തൊട്ടടുത്ത കൃഷിഭവനിലെ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ പദ്ധതി പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ